പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6003

04/07/2019-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളിയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഭരണാനുമതി നൽകിയതെന്ന് വിശദീകരിക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 'കിഫ്ബി'യുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് കരുനാഗപ്പള്ളി ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ഹയർസെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതികസാഹചര്യ വികസനത്തിന് തഴവ ഗവൺമെന്റ് വി.എച്ച്.എസ്.എസ്, കുലശേഖരപുരം ജി.എച്ച്.എസ്.എസ് എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന തഴവ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസിന് ഭൗതികസാഹചര്യവികസനത്തിന് 3 കോടി രൂപയുടേയും, 500 നും 1000നും ഇടയിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന താഴെപ്പറയുന്ന 6 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. തഴവ എ.വി.എൽ.പി.എസ്<br>2. തൊടിയൂർ ഗവൺമെന്റ് എച്ച്.എസ്.എസ്<br>3. ആദിനാട് ജി.യു.പി.എസ്.<br>4. ചെറിയഴീക്കൽ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.<br>5. കരുനാഗപ്പള്ളി യു.പി.ജി.എസ്.<br>6. കുഴിത്തുറ ഗവൺമെന്റ് എഫ്.എച്ച്.എസ്.എസ്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദീകരിക്കുമോ; | (ബി) | മികവിന്റെ കേന്ദ്രമായി (5 കോടി വിഭാഗം) തെരഞ്ഞെടുത്ത കരുനാഗപ്പള്ളി ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ഹയർസെക്കന്ററി സ്കൂളിന്റെ പൈൽ ഫൗണ്ടേഷന്റെ നിർമ്മാണം കഴിഞ്ഞ് ആദ്യ നിലയുടെ പണികൾ നടന്നു വരുന്നു. 26% നിർമ്മാണം പൂർത്തിയായി. അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം അനുവദിച്ച തഴവ ഗവൺമെന്റ് വി.എച്ച്.എസ്-ന്റെ 8% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കുലശേഖരപുരം ജി.എച്ച്.എസ്.എസ്-ന്റെ 33% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ പരിശോധനാ ചുമതല ഏതെല്ലാം ഏജൻസികൾക്കാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്കുള്ള പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ 'കൈറ്റി'നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രാരംഭനടപടികൾ നടന്നു വരുന്നു. |

Nanidha.

**സെക്ഷൻ ഓഫീസർ**